ഭരണഭാഷ - മാതൃഭാഷ

അച്ചടി വകുപ്പ് ഡയറക്ടറുടെ കാര്യാലയം
ഗവൺമെന്റ് സെൻട്രൽ പ്രസ്സ്
തിരുവനന്തപുരം-695 001
ഫോൺ : ഓഫീസ് : 0471-2331458
ഫാക്സ് : 0471-2336042
ഇ-മെയിൽ : directorofprinting@gmail.com
dirprinting@kerala.gov.in

നം. 18443/2020/ഡി1

തീയതി : 19.01.2021

# സർക്കുലർ

വിഷയം:- അച്ചടി വകുപ്പ് - ഗവ: സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം - പ്രസിദ്ധീകരണ വിഭാഗം - തുക ഈടാക്കി പ്രസിദ്ധീകരിക്കേണ്ട വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിക്കുന്നത് - സംബന്ധിച്ച്.

പരാമർശം:- 11.01.2021-ൽ ഗവൺമെന്റ് പ്രസ്സുകളുടെ സൂപ്രണ്ടിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിലെ തീരുമാനം.

വിവിധ ബോർഡുകളുടെയും മുൻസിപ്പാലിറ്റികളുടെയും തുക ഈടാക്കിയശേഷം മാത്രം പ്രസിദ്ധീകരിക്കേണ്ട വിജ്ഞാപനങ്ങൾ തുക ഈടാക്കാതെ നേരിട്ട് ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുളളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിക്കുമ്പോൾ ആയത് ഏത് സെക്ഷനിൽ നിന്നുമാണോ പ്രസിദ്ധീകരിക്കുന്നതിനായി നൽകുന്നത് ആയത് പ്രസ്തുത സെക്ഷന്റെ ബാദ്ധ്യതയാകുന്നതാണ് എന്നതിനാൽ ഈ വിഷയം അത്യന്തം ഗൗരവപൂർവ്വം പരിഗണിക്കേണ്ടതായിട്ടുണ്ട്. ആയതിനാൽ തുക ഈടാക്കി പ്രസിദ്ധീകരിക്കേണ്ട വിജ്ഞാപനങ്ങൾ പ്രസിദ്ധീകരണത്തിനായി ബന്ധപ്പെട്ട പബ്ലിക്കേഷൻ സെക്ഷൻ മുഖാന്തിരമല്ലാതെ നേരിട്ട് ലഭിക്കുന്ന വിജ്ഞാപനങ്ങൾ പരിഗണിക്കേണ്ടതായിട്ടില്ല.

തുക ഈടാക്കിയശേഷം മാത്രം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ട വിജ്ഞാപനങ്ങളുടെ വിവരം താഴെച്ചേർക്കുന്നു (Refer cover page of Kerala Gazette).

| Sl. No. | Description |
|---|---|
| 1 | Application for Licence under Companies Act |
| 2 | Insolvency by Courts or Advocates |
| 3 | Matter relating to Liquidation of Companies, Bank, etc. |
| 4 | Notice regarding DRP |
| 5 | Guardian Ward Petition |
| 6 | Release on Security under Chitty Act |
| 7 | Notice – Loss of Policy etc. |
| 8 | Cancellation of Power of Attorney |
| 9 | Notice-Regarding wills |
| 10 | Notice-Opening Market |
| 11 | Notice Enrolment of Advocates |
| 12 | Succession Certificates by Courts or Advocates- OP (Civil), OP(MH), OP(Probate), OP (HIMA), OP (LA) OP HMA |
| 13 | Notifications from various Boards/Corporations/ Municipalities/ Universities, etc. |

(..2)

മേൽപ്പറഞ്ഞ വിജ്ഞാപനങ്ങൾ ലഭിച്ചാലുടൻ (തപാൽ മുഖാന്തിരം) തുക ഈടാക്കിയശേഷം അനൗദ്യോഗികക്കുറിപ്പ് സാക്ഷ്യപ്പെടുത്തി ബന്ധപ്പെട്ട രജിസ്റ്റർ മുഖാന്തിരം പ്രസിദ്ധീകരിക്കുന്നതിനായി നൽകുന്നതിന് ബന്ധപ്പെട്ട പബ്ലിക്കേഷൻ സെക്ഷൻ ശ്രദ്ധിക്കേണ്ടതാണ്.

മേൽപ്പറഞ്ഞ വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിക്കുന്നതിന് ബന്ധപ്പെട്ട മേധാവികൾ (ഗവൺമെന്റ് പ്രസ്സുകളുടെ സൂപ്രണ്ട്, കൺട്രോളർ ഓഫ് ഫോംസ്, പബ്ലിക്കേഷൻ അസിസ്റ്റന്റ്) അനുമതി നൽകിയിട്ടുണ്ടോ/അനൗദ്യോഗിക്കുറിപ്പ് സാക്ഷ്യപ്പെടുത്തിയിട്ടുണ്ടോ എന്ന വിവരം വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിക്കുന്ന സെക്ഷൻ മേധാവി ഉറപ്പുവരുത്തേണ്ടതാണ്.

ഗവ. പ്രസ്സുകളുടെ സൂപ്രണ്ട്.

ബന്ധപ്പെട്ട സെക്ഷൻ മേധാവികൾക്ക്,

പകർപ്പ്:- ഗവൺമെന്റ് പ്രസ്സുകളുടെ സൂപ്രണ്ട്/ഫാറം കൺട്രോളർ/
പബ്ലിക്കേഷൻ അസിസ്റ്റന്റ്/ഡെപ്യൂട്ടി സൂപ്രണ്ട് (ജനറൽ)/
ജനറൽ ഫോർമാൻ/സീനിയർ ഫോർമാൻ ഡി.റ്റി.പി. സെക്ഷൻ/
ഹെഡ് റീഡർ/ഹെഡ് കമ്പ്യൂട്ടർ/ഫയൽ/കരുതൽ ഫയൽ.